13-ാം കേരള നിയമസഭ
15-ാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1907
07.12.2015-ലെ മറുപടിക്ക്

## സർക്കാർ മേഖലയിലെ പുതിയ പെൻഷൻ സ്കീം

**ചോദ്യം**

**ശ്രീ. എൻ.എ. നെല്ലിക്കുന്ന്**

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി**

**ബഹു. മുഖ്യമന്ത്രി**

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ അംഗങ്ങളായിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം എത്ര; മൊത്തം സർക്കാർ ജീവനക്കാരുടെ എത്ര ശതമാനമാണിതെന്ന് വെളിപ്പെടുത്തുമോ; | ദേശീയ പെൻഷൻ പദ്ധതിയിൽ നിലവിൽ അംഗങ്ങളായിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 26,621 ആണ്.<br>മൊത്തം സർക്കാർ ജീവനക്കാരുടെ 5.21% ജീവനക്കാരാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) | ജീവനക്കാരന്റെ വിഹിതവും സർക്കാരിന്റെ വിഹിതവും ചേർത്ത് പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് പലിശ ലഭിക്കുമോ; വിശദാംശം നൽകുമോ; | ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റേയും ക്ഷാമബത്തയുടെയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്ത് തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം പി.എഫ്.ആർ.ഡി.എ യുടെ വ്യവസ്ഥകൾക്കനുസരിച്ച് എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ റിട്ടയർമെൻറ് സൊല്യൂഷൻസ് ലിമിറ്റഡ് എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ പെൻഷൻ ഫണ്ട് മാനേജർമാർ മുഖേന 14.08.2008 തീയതിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എഫ്.നം.5(88)/2006 പി.ആർ എന്ന നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങളിൽ നിക്ഷേപിക്കുകയും അതിൽ നിന്നുള്ള ഇൻവെസ്റ്റ്മെന്റ് റിട്ടേണിന്റെ അടിസ്ഥാനത്തിൽ പി.എഫ്.ആർ.ഡി.എ വ്യവസ്ഥകൾക്കനുസരിച്ച് പെൻഷൻ വിതരണം നടത്തുകയുമാണ് ചെയ്യുന്നത്. |
| (സി) | സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്ന ജീവനക്കാർക്ക് ലഭിക്കുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാരന് നഷ്ടമാകുന്നത് എന്ന് വ്യക്തമാക്കുമോ; | KSR Part III പ്രകാരമുള്ള ആനുകൂല്യങ്ങളൊന്നും തന്നെ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാർക്ക് ബാധകമല്ല. |

| | | |
|---|---|---|
| (ഡി) | മേൽ പദ്ധതി പ്രകാരം പെൻഷൻ വാങ്ങുന്ന ജീവനക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിന് ഫാമിലി പെൻഷൻ ആനുകൂല്യം ലഭിക്കുമോ; ലഭിക്കുമെങ്കിൽ എത്ര; വിശദമാക്കുമോ; | ദേശീയ പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിന് ഫാമിലി പെൻഷൻ ആനുകൂല്യം ലഭ്യമല്ല. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരന് ലഭിക്കുന്ന മിനിമം പെൻഷനും മാക്സിമം പെൻഷനും എത്രയാണ്; | ദേശീയ പെൻഷൻ പദ്ധതിയിലേക്കുള്ള നിക്ഷേപത്തിന്റെ തോത് അനുസരിച്ചാണ് പെൻഷൻ തുക നിശ്ചയിക്കപ്പെടുന്നത്. |
| (എഫ്) | പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ; പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. ദേശീയ പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ല...